**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4916** **14-03-2023 - ൽ മറുപടിയ്ക്ക്**

**ആലുവ - കാരോത്തുംകുഴി ആശുപത്രി കവല - മാർക്കറ്റ് റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ ടൗണിലെ രൂക്ഷമായ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി ആലുവ - കാരോത്തുംകുഴി ആശുപത്രി കവല മുതൽ മാർക്കറ്റ് വരെയുള്ള റോഡ് വീതികൂട്ടുന്ന പ്രവൃത്തി സംബന്ധിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന പൊതുമാരാമത്ത് വകുപ്പ് സെക്രട്ടറിയുടെ 11/11/2022 ലെ ജി2/424/2022/പൊ.മ.വ. നമ്പർ കത്തിന്മേൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനിയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് എത്രയും വേഗം പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ആലുവ മാർക്കറ്റ് റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിനായി RD/2019/4071/ PRICE ID പ്രകാരം 9 കോടിയുടെ എസ്റ്റിമേറ്റ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിരുന്നെങ്കിലും ബഡ്ജറ്റിൽ മതിയായ ഫണ്ട് വകയിരുത്താത്തതിനാൽ ഭരണാനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ-മാതൃ ഭാഷ'

**No.CEPWD/18793/2022-C6-(W)-RD**

**ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**പൊതുമരാമത്ത് വകുപ്പ്**
**നിരത്തുകൾ വിഭാഗം,**
**തിരുവനന്തപുരം**
**തീയതി. 10.03.2023**

പ്രേഷകൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

സെക്രട്ടറി
പൊതുമരാമത്ത് വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം.

സർ,

വിഷയം:- പൊ.മ.വ. - ആലുവ ടൗണിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. അങ്ങയുടെ കാര്യാലയത്തിലെ കത്തിന്റെ പകർപ്പ് നമ്പർ ജി2/424/2022/പൊമ.വ.
2) പൊ.മ.വ. നിരത്ത് വിഭാഗം എറണാകുളം എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ 09/03/2023 തീയതിയിലെ A6 - LA/GEN/2019 നമ്പർ കത്ത്
3) നിയമസഭാ ചോദ്യം നമ്പർ 4916

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആലുവ ടൗണിലെ ഗതാഗത ക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനായി കാരോത്തുംകുഴി ജംഗ്ഷൻ മുതൽ എൻ. എച്ച് സർവ്വീസ് റോഡ് വീതി കൂട്ടുന്നതിനായി 2022-23 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 വാല്യം 2 ൽ ക്രമ നമ്പർ 137 ആയി " ആലുവ കാരോത്തുംകുഴി ആശുപത്രി കവല മുതൽ മാർക്കറ്റ് റോഡ് വരെയുള്ള റോഡിൽ സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടുന്നതിന് " എന്ന പേരിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്.

20% ബഡ്ജറ്റ് പ്രൊവിഷൻ ഉള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മാത്രമാണ് AS Committee യിൽ ഭരണാനുമതിയ്ക്കായി പരിഗണിക്കാറുള്ളത്.

മേൽ പ്രവൃത്തിക്ക് 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയത് ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്. ഈ റിപ്പോർട്ട് അങ്ങയുടെ അറിവിലേക്കും അനന്തരത നടപടികൾക്കു മായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

**ചീഫ് എഞ്ചിനീയർ**

എഫ്സി 5